# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4730 05.02.2014 ലെ മറുപടി

### പ്രവാസി കലാകാരന്മാർക്ക് പുരസ്കാരങ്ങൾ

ചോദ്യം

മറുപടി

ശ്രീ. എം.എ.വാഹീദ്
,, കെ.ശിവദാസൻ നായർ
,, ജോസഫ് വാഴക്കൻ

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമവികസനവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രവാസി കലാകാരന്മാർക്ക് പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) പ്രവാസി സാഹിത്യ പുരസ്കാരം, പ്രവാസി മാധ്യമ പുരസ്കാരം, സാമൂഹിക പുരസ്കാരംഎന്നീ വിഭാഗങ്ങളിലായി നോർക്ക റൂട്ട്സ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദേശത്തും മറ്റു സംസ്ഥാനങ്ങളിലുമുള്ള പ്രവാസി മലയാളി എഴുത്തുകാരുടെ നിശ്ചിത വർഷങ്ങളിലെ മികച്ച നോവൽ, കഥ എന്നിവയാണ് പ്രവാസി സാഹിത്യ പുരസ്കാരങ്ങൾക്കായി പരിഗണിക്കുന്നത്. പ്രവാസി സാമൂഹിക പുരസ്കാരം പതിനായിരം രൂപയും പ്രശസ്തി പത്രവും ശില്പവും (അഞ്ച് പേർക്ക്) മറ്റ് പുരസ്കാരങ്ങൾക്ക് അൻപതിനായിരം രൂപയും പ്രശസ്തി പത്രവും ശില്പവും ഉൾപ്പെടുന്നതാണ് അവാർഡ്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പുരസ്കാരങ്ങൾ മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) മികച്ച പ്രവാസി മാധ്യമ പ്രവർത്തകർക്കും സാമുഹിക പ്രവർത്തകർക്കും പ്രചോദനം നൽകുക, പ്രവാസി സാഹിത്യം പ്രോൽസാഹിപ്പിക്കുക എന്നീ ഉദ്ദേശ്യത്തോടെയാണ് പ്രവാസി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളത്. |

| | |
|---|---|
| (സി) ആയതിനുള്ള ധനം എങ്ങനെയാണ് സമാഹരിക്കാൻ ഉദ്ദേശിക്കുന്നത് വിശദമാക്കാമോ; | (സി) നോർക്ക റൂട്ട്സിന്റെ സ്വന്തം ഫണ്ടാണ് ഇതിനായി വിനിയോഗിക്കുന്നത്. |
| (ഡി) ആയതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) 2012 ലെ പ്രവാസി പുരസ്കാരങ്ങൾ താഴെപ്പറയുന്ന വിഭാഗങ്ങൾക്കാണ് നൽകുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.<br>പ്രവാസി സാഹിത്യ പുരസ്കാരം-നോവൽ (വിദേശം)<br>പ്രവാസി സാഹിത്യ പുരസ്കാരം-നോവൽ (മറ്റ് സംസ്ഥാനങ്ങൾ)<br>പ്രവാസി സാഹിത്യ പുരസ്കാരം-കഥ (വിദേശം)<br>പ്രവാസി സാഹിത്യ പുരസ്കാരം-കഥ (മറ്റ് സംസ്ഥാനങ്ങൾ)<br>പ്രവാസി മാധ്യമ പുരസ്കാരം- പത്രം<br>പ്രവാസി മാധ്യമ പുരസ്കാരം- ദൃശ്യ/ശ്രവ്യ മാധ്യമം<br>പ്രവാസി സാമൂഹിക പുരസ്കാരം (വിദേശം)-5 എണ്ണം<br><br>2012 ഡിസംബർ 31 വരെ ലഭിച്ച എൻട്രികൾ/അപേക്ഷകൾ അതതു വിഭാഗത്തിന്റെ പ്രഗത്ഭരുൾപ്പെടുന്ന ജൂറികൾ രൂപീകരിച്ച് അവാർഡുകൾ നിർണ്ണയിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

VReena

**സെക്ഷൻ ഓഫീസർ**